മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്

1376 [2233] ശ്രീ. കെ. ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ ഇപ്പോൾ എത്രപേരുണ്ട്;

(ബി) മറ്റ് സ്റ്റേറ്റുകളിലെ മുഖ്യമന്ത്രിമാരുടെ സ്റ്റാഫിനെ സംബന്ധിച്ച വിവരങ്ങൾ സർക്കാരിന്റെ പക്കലുണ്ടോ;

(സി) ഉണ്ടെങ്കിൽ ഓരോ സ്ഥലത്തും എത്ര പേരുണ്ട്?

ഉത്തരം

(എ) 26.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

പുതിയ തസ്തികകൾ

1377 [2235] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷത്തിലും ഈ വർഷത്തിലും പുതിയതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതിൽ ജി.ഒ. തസ്തികകൾ എത്ര; എൻ.ജി.ഒ. തസ്തികകൾ എത്ര;

(ബി) തസ്തികകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ സ്റ്റേറ്റിൽ അടുത്ത രണ്ടുവർഷത്തേയ്ക്ക് ഒരു മൊറോട്ടോറിയം നടപ്പാക്കാമോ?

ഉത്തരം

(എ) ബഡ്ജറ്റ് രേഖകളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ രണ്ടുവർഷങ്ങളിൽ ഉദ്ദേശം 13,800 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് കാണുന്നു. 1470 ഗസറ്റഡ് തസ്തികകളും 12330 നോൺ ഗസറ്റഡ് തസ്തികകളും. എയിഡഡ് സ്കൂളുകളിലും പ്രൈവറ്റ് കോളേജുകളിലും പുതുതായി സൃഷ്ടിച്ച തസ്തികകൾ ഇതിൽ ഉൾപ്പെടുന്നില്ല.

(ബി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ മൊറോട്ടോറിയം നടപ്പാക്കണമെന്ന നിർദ്ദേശം പ്രായോഗികമല്ല. എന്നാൽ നിലവിലുള്ള ഭരണ സംവിധാനത്തെപ്പറ്റിയും അതിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനെപ്പറ്റിയും ഒരു പഠനം നടത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതുകൊണ്ട്, ഇത്തരം ഒരു പഠനം നടത്തുന്നതുവരെ, ഒഴിച്ചുകൂടാൻ പാടില്ലാത്ത സന്ദർഭങ്ങളിലൊഴികെ പുതിയ തസ്തികകൾ അനുവദിക്കുന്നതല്ലെന്ന് ഇക്കൊല്ലത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ തന്നെ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.

മദ്യപിച്ച് വണ്ടി ഓടിക്കുന്നതായി പരാതി

1378 [2237] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

മദ്യപിച്ച് വണ്ടി ഓടിക്കരുതെന്ന നിയമം സ്റ്റേറ്റ് കാറുകൾ ഓടിക്കുന്ന ഡ്രൈവർമാർക്കും ബാധകമാണോ?

LIBRARY ARCHIVES Kerala Legislative Assembly